LIBRARY ARCHIVES Kerala Legislative Assembly

പീരുമേട് താലൂക്കിൽ ബി.ടെക് ഡയറി സയൻസ് കോളേജ് സ്ഥാപിക്കാൻ ഭൂമി

179 (7148) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി പീരുമേട് താലൂക്കിൽ ബി. ടെക്. ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിന് സർക്കാർ സ്ഥലം വാങ്ങിയിരുന്നോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് എത്ര ഏക്കർ ഉണ്ട് ; ഇത് ഇപ്പോഴും സർക്കാർ കൈവശം തന്നെയാണോയെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ഭൂമി മറ്റെന്തെങ്കിലും ആവശ്യത്തിന് ഉപയോഗിക്കാൻ നീക്കം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ പീരുമേട് താലൂക്കിൽ ഹൈടെക്ക് ഡയറി സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി കെ.എൽ.ഡി. ബോർഡിൽനിന്നും സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്.

(ബി) 84 ഹെക്ടർ വിസ്തൃതിയുള്ള പ്രസ്തുത ഭൂമി ഇപ്പോഴും സർക്കാർ കൈവശത്തിലാണ്.

(സി) ഇല്ല.

ചേർത്തല മനോരമ ജംഗ്ഷൻ വികസനം

180 (7149) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല മനോരമ ജംങ്ഷൻ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പു നടപടികൾ ഏതുഘട്ടംവരെയായി എന്നുപറയാമോ ;

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാകളക്ടർ ചേർത്തല ശ്രീനാരായണ മെമ്മോറിയൽ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ ഉദ്യോഗസ്ഥരുടെയും വ്യാപാരി സംഘടനകളുടെയും യോഗം വിളിച്ചു ചേർത്തത് എന്നായിരുന്നു എന്നുപറയുമോ ; ഈ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത യോഗത്തിൽവച്ച് ജില്ലാ കളക്ടറുടെ പ്രഖ്യാപന പ്രകാരമുള്ള പുനരധിവാസ പാക്കേജ് ഏതുഘട്ടത്തിലാണെന്പറയാമോ ;

(ഡി) ഇതിനായുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി പൊതുമരാമത്ത്-റവന്യൂ ഉദ്യോഗസ്ഥരിൽനിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് ജില്ലാ കളക്ടർ കത്ത് നൽകിയത് എന്നായിരുന്നു ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ;